"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1551/2026/LSGD തീയതി,തിരുവനന്തപുരം, 18-08-2026

---

പരാമർശം:-

1. സ.ഉ.(സാധാ)നം. 1248/2026/തസ്വഭവ തീയതി 06.07.2026.
2. സ.ഉ.(സാധാ)നം.1288/2026/തസ്വഭവ തീയതി 15.07.2026.
3. 2026 ജൂൺ 19 ന് അവതരിപ്പിച്ച പുതുക്കിയ സംസ്ഥാന ബഡ്ജറ്റ് അനുബന്ധം IV.
4. കേന്ദ്ര ധനകാര്യ മന്ത്രാലയം 21.05.2026 ന് പുറപ്പെടുവിച്ച F.No.6(1) FCD/2026-31 നമ്പർ മാർഗ്ഗരേഖ.
5. മിനിസ്ട്രി ഓഫ് ജൽശക്തിയുടെ 06.07.2026 ലെയും 24.07.2026 ലെയും W11012/6/2026-JJM-III-DVWS-Part 1 നമ്പർ കത്ത്.
6. സംസ്ഥാന ആസൂത്രണബോർഡ് വികേന്ദ്രീകൃതാസൂത്രണം ചീഫിന്റെ 04.08.2026, 11.08.2026 എന്നീ തീയതികളിലെ എസ്.പി.ബി/91/2026/ഡി.പി.സി നമ്പർ കത്തുകൾ.
7. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ഡയറക്ടറുടെ 13.08.2026 ലെ D.O.No.M-11011/15/2025-CB അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് പരാമർശം 1 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതനുസരിച്ച് പുതിയ പ്രോജക്ടുകൾ ഉൾപ്പെടുത്തി വാർഷിക

പദ്ധതി ഭേദഗതി ചെയ്യുന്നതിന് വീണ്ടും അവസരം നൽകുമെന്ന് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ (ആർ.എൽ.ബി) പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗരേഖ, പരാമർശം 4 പ്രകാരം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ കേന്ദ്ര സർക്കാരിന്റെ പോർട്ടലിലേക്ക് സമയബന്ധിതമായി സമർപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം പദ്ധതികൾ **ഇ-ഗ്രാംസ്വരാജിൽ സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് 2026 ആഗസ്റ്റ് 31 വരെയും ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 2026 സെപ്റ്റംബർ 15 വരെയും** പരാമർശം (7) പ്രകാരം സമയപരിധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ സമയപരിധി കർശനമായി പാലിച്ചുകൊണ്ട് പദ്ധതി വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ ശ്രദ്ധ കൊടുക്കേണ്ടതാണ്.

സംസ്ഥാന സർക്കാരിന്റെ 2026-27 പുതുക്കിയ വാർഷിക ബജറ്റിലെ അനുബന്ധം IV പ്രകാരം വകയിരുത്തിയിട്ടുള്ള തുക അനുസരിച്ച് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച ഉപ പദ്ധതി (CFC Sub Plan) തയ്യാറാക്കേണ്ടതും 2026-27 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്. ഇതിനായി 2026-27 വാർഷിക പദ്ധതി ഭേദഗതി വരുത്തി പ്രൊജക്ടുകൾ ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിക്കുന്നതിനു സമയക്രമം നിശ്ചയിച്ച് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഈ സാഹചര്യത്തിൽ, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

## പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം (ആർ.എൽ.ബി) സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിനുള്ള മാർഗ്ഗരേഖ പ്രകാരം ബേസിക് ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നിങ്ങനെ രണ്ട് തരത്തിലാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഫണ്ട് ലഭ്യമാക്കുക. ബേസിക് ഗ്രാന്റിനെ ടൈഡ്, അൺടൈഡ് എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. നിബന്ധനകൾക്ക് വിധേയമായി, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 2026-27 സാമ്പത്തിക വർഷം മുതൽ ബേസിക് ഗ്രാന്റ് ലഭ്യമാകും.

പെർഫോമൻസ് ഗ്രാന്റിനെ സ്റ്റേറ്റ് പെർഫോമൻസ് ഘടകം, ആർ.എൽ.ബി പെർഫോമൻസ്

ഘടകം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. നിബന്ധനകൾക്ക് വിധേയമായി, 2027-28 വർഷം മുതൽ സ്റ്റേറ്റ് പെർഫോമൻസ് ഘടകവും 2028-29 വർഷം മുതൽ ആർ.എൽ.ബി പെർഫോമൻസ് ഘടകവും ലഭ്യമാകും.

**1. ബേസിക് ഗ്രാന്റ്**

ബേസിക് ഗ്രാന്റിന്റെ 50 ശതമാനം ടൈഡ് ഗ്രാന്റ് ആയും ശേഷിക്കുന്ന 50 ശതമാനം അൺടൈഡ് ഗ്രാന്റ് ആയും വിഭജിച്ചിരിക്കുന്നു. ബേസിക് ഗ്രാന്റ് ഇനത്തിൽ ഓരോ വിഭാഗത്തിലും ഉൾപ്പെടുത്താൻ കഴിയുന്ന പ്രോജക്ടുകളുടെ പട്ടിക ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുൻഗണനാക്രമത്തിൽ പ്രത്യേകം തയ്യാറാക്കണം. ഓരോ വിഭാഗത്തിലും ഏറ്റെടുക്കാൻ കഴിയുന്ന പ്രോജക്ടുകളെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

1.1 ടൈഡ് ഗ്രാന്റ്: 'ശുചിത്വവും ഖരമാലിന്യ സംസ്കരണവും'/അല്ലെങ്കിൽ 'ജല വിഭവ പരിപാലനവും' അല്ലെങ്കിൽ ഇവ രണ്ടും ഉൾക്കൊള്ളുന്ന പ്രവർത്തികൾ ടൈഡ് ഗ്രാന്റ് ഇനത്തിൽ ഏറ്റെടുക്കാവുന്നതാണ്. ഈ ഘടകത്തിനുള്ളിൽ നിന്നുകൊണ്ട് മേൽ സൂചിപ്പിച്ച അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള O&M ചെലവുകൾ ഉൾപ്പെടെ, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് തുക വിനിയോഗിക്കാവുന്നതാണ്.

ജൽ ജീവൻ മിഷൻ പദ്ധതിയുമായുള്ള സംയോജന സാധ്യതകൾക്കും പ്രാബല്യത്തിലുള്ള കേന്ദ്ര-സംസ്ഥാന മാർഗനിർദേശങ്ങൾക്കും ധനകാര്യ കമ്മീഷൻ ഗ്രാന്റ് വ്യവസ്ഥകൾക്കും വിധേയമായി, പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ സംയോജിത (Convergence) രീതിയിൽ വിനിയോഗിക്കാവുന്നതാണ്.

ശുചിത്വ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളിലോ സേവന വിതരണത്തിലോ നിലവിലുള്ള വിടവുകൾ പരിഹരിക്കുന്നതിനായും സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), വിബി-ജി റാം ജി തുടങ്ങിയ പദ്ധതികളുമായി സംയോജിതമായി (Convergence), ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അനുവദനീയ പരിധിയിൽ വരുന്ന അനുബന്ധ പ്രവൃത്തികൾക്ക് ടൈഡ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. വിവിധതല തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ പ്രോജക്ടുകൾ സംയുക്തമായി ഏറ്റെടുക്കുന്നതിനും തുക വിനിയോഗിക്കാവുന്നതാണ്. ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ സാങ്കേതിക പിന്തുണയും മാർഗനിർദ്ദേശങ്ങളും ശുചിത്വ മിഷൻ ലഭ്യമാക്കേണ്ടതാണ്.

ജല വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നിവ സാങ്കേതിക പിന്തുണയും മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതാണ്.

പരാമർശം (4) പ്രകാരം മിനിസ്ട്രി ഓഫ് ജൽ ശക്തിയുടെ ടെക്നിക്കൽ അഡ്വൈസറി പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നിലവിലുള്ള സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പാക്കുക, കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, ജലസ്രോതസ്സുകൾ വറ്റിപ്പോകാതെ സംരക്ഷിക്കുക, സേവനങ്ങൾ മെച്ചപ്പെടുത്തുക, ഭരണസംവിധാനം ശക്തിപ്പെടുത്തുക എന്നിവ പൂർത്തിയാക്കിയതിന് ശേഷം മാത്രമേ പുതിയ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് കടക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായുള്ള മുൻഗണനാക്രമം താഴെ നൽകുന്നു:

മുൻഗണന-I: കുടിവെള്ള വിതരണ സംവിധാനങ്ങളുടെ നടത്തിപ്പും പരിപാലനവും (O&M)

മുൻഗണന-II: ജലസ്രോതസ്സുകളുടെ സുസ്ഥിരതയും ജലസുരക്ഷയും

മുൻഗണന-III: ജലഗുണനിലവാര പരിപാലനം

മുൻഗണന-IV: സേവന വിതരണത്തിലെ മെച്ചപ്പെടുത്തലുകൾ

മുൻഗണന-V: മനുഷ്യവിഭവശേഷി പിന്തുണ (Human Resource Support)

മുൻഗണന-VI: ബോധവൽക്കരണവും ജനപങ്കാളിത്തവും (IEC & Community Mobilisation)

മുൻഗണന-VII: ഭരണപരമായ പിന്തുണ (Administrative Support)

മിനിസ്ട്രി ഓഫ് ജൽ ശക്തിയുടെ ടെക്നിക്കൽ അഡ്വൈസറി സൂചിപ്പിച്ചിട്ടുള്ള പ്രവർത്തികൾക്കും തുക ഉപയോഗിക്കാവുന്നതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു (അനുബന്ധം I & II).

1.2 അൺടൈഡ് ഗ്രാന്റ്: ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇരുപത്തിയൊമ്പത് വിഷയങ്ങളിൽ ഉൾപ്പെട്ട കൃഷി, ഭൂവികസനം, ചെറുകിട ജലസേചനവും ജലവിഭവ പരിപാലനവും, മൃഗസംരക്ഷണം, മത്സ്യബന്ധനം, സാമൂഹിക വനവൽക്കരണം, ചെറുകിട വ്യവസായങ്ങൾ, ഗ്രാമീണ

ഭവനനിർമ്മാണം, കുടിവെള്ള വിതരണം, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനം, വൈദ്യുതീകരണം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, വനിതാ-ശിശു വികസനം, സാമൂഹിക ക്ഷേമം, പൊതുവിതരണ സംവിധാനം, പൊതുസമ്പത്തുകളുടെ പരിപാലനം തുടങ്ങിയ വിഷയങ്ങളിൽ തദ്ദേശീയമായി ആവശ്യമായ വികസന പ്രവർത്തനങ്ങൾക്കായി അൺടൈഡ് ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. വികസന ഫണ്ട് വിനിയോഗിക്കാവുന്ന ഏതൊരു ആവശ്യത്തിനും ഈ വിഹിതം ഉപയോഗിക്കാവുന്നതാണ്.

**2. പെർഫോമൻസ് ഗ്രാന്റ്**

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ സാമ്പത്തിക സ്വയം പര്യാപ്തത ശക്തിപ്പെടുത്തുന്നതിനും ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും, എൻടി ലെവൽ മാനദണ്ഡങ്ങളും, യോഗ്യതാ വ്യവസ്ഥകളും പാലിക്കുന്നതിന് വിധേയമായി പെർഫോമൻസ് ഗ്രാന്റുകൾ പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ തുക പൂർണ്ണമായും അൺടൈഡ് ഗ്രാന്റായി വിനിയോഗിക്കാവുന്നതാണ്. പെർഫോമൻസ് ഗ്രാന്റിനെ താഴെ പറയുന്ന രണ്ട് ഘടകങ്ങളായി തിരിച്ചിരിക്കുന്നു:

2.1 ആർ.എൽ.ബി പെർഫോമൻസ് ഘടകം: ഗ്രാമപഞ്ചായത്തുകൾക്ക് നികുതി ചുമത്തുന്നതിനും സേവന ഫീസ് ഈടാക്കുന്നതിനും ആവശ്യമായ അധികാരങ്ങളുണ്ടെന്ന് പതിനാറാം ധനകാര്യ കമ്മീഷൻ അടിവരയിടുന്നു. ഈ സാഹചര്യത്തിൽ, നിശ്ചയിച്ചിട്ടുള്ള തനത് വരുമാന നിരക്കോ അതിൽ കൂടുതലോ കൈവരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പെർഫോമൻസ് ഘടക ഗ്രാന്റിന് അർഹരായിരിക്കും.

2.2 സ്റ്റേറ്റ് പെർഫോമൻസ് ഘടകം: സംസ്ഥാനം സ്വന്തം വിഭവങ്ങളിൽ നിന്ന് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലാണ് സ്റ്റേറ്റ് പെർഫോമൻസ് ഗ്രാന്റ് ശിപാർശ ചെയ്തിരിക്കുന്നത്.

**3. ഗ്രാന്റ് അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ**

3.1 എൻടി ലെവൽ മാനദണ്ഡങ്ങൾ

ആർ.എൽ.ബി ഗ്രാന്റ് (ബേസിക് ഗ്രാന്റും പെർഫോമൻസ് ഗ്രാന്റും) അനുവദിക്കുന്നതിന് മുൻപായി താഴെ പറയുന്ന എൻടി ലെവൽ മാനദണ്ഡം പാലിക്കേണ്ടതുണ്ട്. അതായത്, ചുവടെ

കൊടുത്തിരിക്കുന്ന പ്രാഥമിക നിബന്ധന തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പാലിച്ചെങ്കിൽ മാത്രമേ ഗ്രാന്റിന് അർഹരാവുകയുള്ളൂ.

ഗ്രാന്റ് ശുപാർശ ചെയ്യപ്പെടുന്ന സാമ്പത്തിക വർഷമായ 'T'-യിൽ, സംസ്ഥാനത്തെ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും 'T-1' സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്കുകളും (provisional accounts), 'T-2' സാമ്പത്തിക വർഷത്തെ ഓഡിറ്റ് ചെയ്ത കണക്കുകളും ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമായിരിക്കണം. ഗ്രാന്റ് അനുവദിക്കുന്ന കാലയളവിലെ ആദ്യ വർഷം മുതൽ തന്നെ ഈ വ്യവസ്ഥ ബാധകമായിരിക്കും. എല്ലാ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളും ഈ വ്യവസ്ഥ പാലിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്തിന് ഗ്രാന്റ് ലഭ്യമാകുക. ചില ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മാത്രം ഈ വ്യവസ്ഥ പാലിക്കുന്ന സാഹചര്യത്തിൽ, വ്യവസ്ഥ പാലിക്കുന്നവരുടെ എണ്ണത്തിന് ആനുപാതികമായി മാത്രമേ സംസ്ഥാനത്തിന് ഗ്രാന്റ് ലഭിക്കുകയുള്ളൂ. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ താൽക്കാലിക കണക്കുകളും ഓഡിറ്റ് ചെയ്ത കണക്കുകളും ഓൺലൈനായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ട നടപടികൾ ഐ.കെ.എം., സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

3.2 ആർ.എൽ.ബി പെർഫോമൻസ് ഘടകം: യോഗ്യതാ വ്യവസ്ഥകൾ (Qualifying Conditions)

എൻട്രി ലെവൽ മാനദണ്ഡങ്ങൾ പാലിച്ചതിന് ശേഷം, താഴെപ്പറയുന്ന യോഗ്യതാ വ്യവസ്ഥകൾ കൂടി പാലിച്ചാൽ മാത്രമേ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് 2028-29 വർഷം മുതൽ ആർ.എൽ.ബി പെർഫോമൻസ് ഗ്രാന്റ് ലഭിക്കുകയുള്ളൂ.

3.2.1 ഗ്രാമപഞ്ചായത്തുകൾ

ഗ്രാമപഞ്ചായത്തുകൾ, T സാമ്പത്തിക വർഷത്തിൽ, പെർഫോമൻസ് ഘടകത്തിന് യോഗ്യത നേടണമെങ്കിൽ; T-1 വർഷത്തിൽ, T-2 വർഷത്തിലെ തനത് വരുമാനത്തിന്റെ (OSR) കുറഞ്ഞത് 1.025 മടങ്ങ് വർദ്ധനവ്, അല്ലെങ്കിൽ 2025-26 ലെ OSR നെ അപേക്ഷിച്ച് പ്രതിവർഷം 2.5 ശതമാനം വാർഷിക സംയോജിത വളർച്ച, ഇതിൽ ഏതാണോ കുറവ് അത് സമാഹരിക്കണം (പ്രതിവർഷം ഒരു കുടുംബത്തിന് ശരാശരി 1200/- രൂപ എന്ന കുറഞ്ഞ നിരക്ക് എന്ന വ്യവസ്ഥക്ക് വിധേയമായി). അതായത്, ഗ്രാമപഞ്ചായത്തുകൾ ഓരോ വീട്ടിൽ നിന്നും പ്രതിവർഷം ₹1200/- സമാഹരിക്കണമെന്നല്ല മറിച്ച്, വാടക വരുമാനം, ആസ്തികളിൽ നിന്നുള്ള

വരുമാനം, യൂസർ ഫീ തുടങ്ങി എല്ലാ സ്കീമുകളിൽ നിന്നുമുള്ള മൊത്തം തനത് വരുമാനം (OSR), പ്രതിവർഷം ഒരു കുടുംബത്തിന് ശരാശരി ₹1200/- രൂപയോ അതിൽ കൂടുതലോ ആയിരിക്കണം.

അതായത്, 2028-29 ൽ പ്രസ്തുത ഗ്രാന്റ് ലഭിക്കണമെങ്കിൽ 2027-28 വർഷത്തിൽ, 2026-27 വർഷത്തിലെ തനത് വരുമാനത്തിന്റെ (OSR) കുറഞ്ഞത് 1.025 മടങ്ങ് വർദ്ധനവ് അല്ലെങ്കിൽ 2025-26 ലെ OSR നെ അപേക്ഷിച്ച് പ്രതിവർഷം 2.5 ശതമാനം വാർഷിക സംയോജിത വളർച്ച, ഇതിൽ ഏതാണോ കുറവ് അത് സമാഹരിക്കണം.

3.2.2 ബ്ലോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരപരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിൽ 75 ശതമാനം ഗ്രാമ പഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയാണെങ്കിൽ മാത്രമേ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാന്റിന് അർഹതയുണ്ടാവുകയുള്ളൂ.

3.2.3 ജില്ലാ പഞ്ചായത്തുകൾ

ജില്ലാ പഞ്ചായത്തുകൾ, T സാമ്പത്തിക വർഷത്തിൽ, പെർഫോമൻസ് ഘടകത്തിന് യോഗ്യത നേടണമെങ്കിൽ; T-1 വർഷത്തിൽ, T-2 വർഷത്തിലെ തനത് വരുമാനത്തിന്റെ (OSR) കുറഞ്ഞത് 1.025 മടങ്ങ് വർദ്ധനവ്, അല്ലെങ്കിൽ 2025-26 ലെ OSR നെ അപേക്ഷിച്ച് പ്രതിവർഷം 2.5 ശതമാനം വാർഷിക സംയോജിത വളർച്ച, ഇതിൽ ഏതാണ് കുറവ് അത് സമാഹരിക്കണം.

അതായത്, 2028-29 ൽ പ്രസ്തുത ഗ്രാന്റ് ലഭിക്കണമെങ്കിൽ 2027-28 വർഷത്തിൽ, 2026-27 വർഷത്തിലെ തനത് വരുമാനത്തിന്റെ (OSR) കുറഞ്ഞത് 1.025 മടങ്ങ് വർദ്ധനവ് അല്ലെങ്കിൽ 2025-26 ലെ OSR നെ അപേക്ഷിച്ച് പ്രതിവർഷം 2.5 ശതമാനം വാർഷിക സംയോജിത വളർച്ച, ഇതിൽ ഏതാണോ കുറവ് അത് സമാഹരിക്കണം.

ആർ.എൽ.ബി പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമായി OSR കണക്കാക്കുമ്പോൾ പലിശയിനത്തിൽ ലഭിക്കുന്ന വരുമാനം ഉൾപ്പെടുത്തുന്നതല്ല.

കേരളത്തിലെ എല്ലാ ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും ആർ.എൽ.ബി പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ OSR വിശദാംശങ്ങൾ ശേഖരിക്കേണ്ടതും, പിന്നാക്കം നിൽക്കുന്ന തദ്ദേശ

സ്ഥാപനങ്ങളെ കണ്ടെത്തി OSR വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. കൂടാതെ OSR വർദ്ധിപ്പിക്കുന്നതിനും വരുമാന ചോർച്ച തടയുന്നതിനുമുള്ള പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുമായി പ്രത്യേക യജ്ഞം (Special Drive) സംസ്ഥാനതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

3.3 സംസ്ഥാന പെർഫോമൻസ് ഗ്രാന്റ് അനുവദിക്കുന്നതിനുള്ള യോഗ്യതാ വ്യവസ്ഥകൾ

പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് കാലയളവിന്റെ രണ്ടാം വർഷം മുതൽ സംസ്ഥാന പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതാണ്. എന്നാൽ, T വർഷത്തിലെ ഗ്രാന്റിന് യോഗ്യത നേടുന്നതിന്, T-1 വർഷത്തിൽ സംസ്ഥാനം സ്വന്തം വിഭവത്തിൽ നിന്ന്, പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ T-1 വർഷത്തിലേക്ക് ശുപാർശ ചെയ്ത അടിസ്ഥാന ഗ്രാന്റിന്റെ 20 ശതമാനമോ അതിൽ കൂടുതലോ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റായി കൈമാറണം. സംസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന തുക കൃത്യമായി അറിയുന്നതിന് അതത് ട്രഷറികളെ PFMS-മായി സംയോജിപ്പിക്കേണ്ടതുണ്ട്.

**4. ആർ.എൽ.ബി ഗ്രാന്റുകളുടെ വിനിയോഗത്തിലുള്ള നിയന്ത്രണങ്ങൾ**

4.1 റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി (ബിറ്റുമിനസ്/ബ്ലാക്ക്-ടോപ്പ്ഡ്/അസ്ഫാൽറ്റ്, സിമന്റ് കോൺക്രീറ്റ്/കോൺക്രീറ്റ്, ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ലോക്ക് പേവ്മെന്റുകൾ, ചരൽ, മണ്ണ് തുടങ്ങിയ എല്ലാത്തരം ഉപരിതലങ്ങളും ഇതിൽ ഉൾപ്പെടുന്നു), 'അൺടൈഡ്" (untied) ഗ്രാന്റിന്റെ 20 ശതമാനത്തിൽ കൂടുതൽ ചെലവഴിക്കാൻ പാടില്ല.

4.2 അൺടൈഡ് ഗ്രാന്റുകൾ ശമ്പളം നൽകുന്നതിനോ മറ്റ് ഭരണപരമായ ചെലവുകൾക്കോ ഉപയോഗിക്കരുത്. എന്നിരുന്നാലും, ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഓഡിറ്റിംഗ്, അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾക്കായി സി & എ ജി ഓഫ് ഇന്ത്യ എംപാനൽ ചെയ്ത പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവ് പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ അൺടൈഡ് ഘടകത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

**5. പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

ടൈഡ് ആൻഡ് അൺടൈഡ് ഗ്രാന്റുകൾക്ക് കീഴിൽ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾക്കായി ഗ്രാമസഭകൾ തീരുമാനമെടുക്കണമെന്ന് പതിനാറാം

ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഗ്രാമസഭയ്ക്ക് സമാനമായ യോഗങ്ങളിലെ തീരുമാനവും ആവശ്യമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നിറവേറ്റുന്ന പക്ഷം ആർ.എൽ.ബി ഗ്രാന്റ് (ടൈഡ് ആൻഡ് അൺടൈഡ് ഗ്രാന്റ്) ലഭിക്കുന്നതിന് യോഗ്യരാണെന്ന് കണക്കാക്കും:

(i) കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം (M/o PR)/കുടിവെള്ള - ശുചിത്വ വകുപ്പ് (D/o DW&S) എന്നിവ സംയുക്തമായി നിർദ്ദേശിക്കുന്ന പൊതു ഫോർമാറ്റിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ അവരുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങളുടെ (Annual Action Plan) വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന GPDP/BPDP/DPDP ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(ii) പതിനാറാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളുടെ (രണ്ട് ഘടകങ്ങളും) വിനിയോഗത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇ-ഗ്രാം സ്വരാജ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**6. വിതരണം ചെയ്യാത്ത പെർഫോമൻസ് ഗ്രാന്റിന്റെ വ്യവസ്ഥകൾ**

വ്യവസ്ഥകൾ (ഖണ്ഡിക 3) പാലിക്കാത്തതുകൊണ്ട് വിതരണം ചെയ്യപ്പെടാത്ത പെർഫോമൻസ് ഗ്രാന്റിന്റെ ഭാഗം താഴെ പറയുന്ന രീതിശാസ്ത്രം അനുസരിച്ച് വിതരണം ചെയ്യപ്പെടുന്നതാണ്:

(i) വ്യവസ്ഥകൾ പാലിക്കാത്തതുകൊണ്ട്, വിതരണം ചെയ്യപ്പെടാത്ത ആർ.എൽ.ബി പെർഫോമൻസ് ഗ്രാന്റിന്റെ ഭാഗം, അതേ സംസ്ഥാനത്തെ പെർഫോമൻസ് ഘടകത്തിന് അർഹരായ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നതാണ്.

(ii) തദ്ദേശ സ്വയംഭരണ സ്ഥാപന ഗ്രാന്റുകളുടെ വിതരണത്തിനായുള്ള സംസ്ഥാന ധനകാര്യ കമ്മീഷന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും, ആർ.എൽ.ബി പെർഫോമൻസ് ഗ്രാന്റിന്റെ വിതരണം ചെയ്യപ്പെടാത്ത ഭാഗം വിതരണം ചെയ്യപ്പെടുക.

വിതരണം ചെയ്യാത്ത പെർഫോമൻസ് ഗ്രാന്റിന്റെ വിഹിതം, ഉയർന്ന പെർഫോമൻസ് കാഴ്ച വയ്ക്കുന്ന ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുമ്പോൾ, ഒരു തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിന് (ആർ.എൽ.ബി) ലഭിക്കുന്ന പരമാവധി തുക, അവർക്കായി നിശ്ചയിച്ചിട്ടുള്ള വാർഷിക ബേസിക് ഗ്രാന്റിനേക്കാൾ കൂടാൻ പാടില്ല.

**7. അക്കൗണ്ടിംഗും ഓഡിറ്റും (Accounting and Audit)**

7.1 എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളും മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം (MAS) പിന്തുടരേണ്ടതും, ഇ-ഗ്രാം സ്വരാജ് (e-Gram Swaraj) പ്ലാറ്റ്‌ഫോം വഴി കണക്കുകൾ സൂക്ഷിക്കേണ്ടതുമാണ്. എല്ലാ ധനകാര്യ ഇടപാടുകളും (വരവും ചെലവും) ഇ-ഗ്രാം സ്വരാജ് - പി.എഫ്.എം.എസ്. ഇന്റർഫേസ് (eGramSwaraj PFMS Interface) വഴി മാത്രമാണ് നടപ്പിലാക്കുന്നത് എന്ന് ഉറപ്പുവരുത്തണം. പ്രൊവിഷണൽ അക്കൗണ്ടുകൾ വർഷം തോറും കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ (MoPR) ഓഡിറ്റ് ഓൺലൈൻ (AuditOnline) ആപ്ലിക്കേഷൻ വഴി ഓഡിറ്റ് ചെയ്യേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ഓഡിറ്റ് ഓൺലൈൻ പോർട്ടലിലെ എ.ടി.ആർ. മോഡ്യൂൾ (ATR Module) വഴി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

7.2 പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, ബന്ധപ്പെട്ട ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ അക്കൗണ്ടുകളിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ, പ്ലാൻ ഫണ്ടുകൾ, കേന്ദ്ര പദ്ധതികൾ (Central Sector Schemes / Centrally Sponsored Schemes), തനത് വരുമാനം (Own Source Revenues) എന്നിവ ഉൾപ്പെടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വരവ് ചെലവുകൾ പ്രതിഫലിക്കണം.

**8. പെർഫോമൻസ് ഗ്രാന്റുകൾക്കും തനത് വരുമാന റിപ്പോർട്ടിംഗിനുമുള്ള നടപടികൾ (Measures for Performance Grants and OSR Reporting)**

8.1 എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും കൃത്യവും സുസ്ഥിരവും തത്സമയവുമായ (real-time) തനത് വരുമാന റിപ്പോർട്ടിംഗ് ഉറപ്പാക്കുന്നതിന്, സമർത്ഥ് പഞ്ചായത്ത് പോർട്ടലിൽ (SAMARTH Panchayat Portal) പൂർണ്ണമായ ഓൺബോർഡിംഗ് പൂർത്തിയാക്കേണ്ടതാണ്. ഈ ഓൺബോർഡിംഗ് പ്രക്രിയ 2026-27 സാമ്പത്തിക വർഷത്തോടെ പൂർത്തിയാക്കേണ്ടതാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ തങ്ങളുടെ വാർഷിക റവന്യൂ പ്ലാനുകൾ വർഷം തോറും സമർത്ഥ് പഞ്ചായത്ത് പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ, 2027-28 സാമ്പത്തിക വർഷം മുതൽ, നേരിട്ടുള്ള ഓൺബോർഡിംഗ് വഴിയോ നിലവിലുള്ള

സംസ്ഥാന/പ്രാദേശിക സിസ്റ്റങ്ങളുടെ സംയോജനം വഴിയോ തനത് വരുമാന ശേഖരണ വിവരങ്ങൾ പോർട്ടലിൽ സ്വയം പ്രതിഫലിക്കേണ്ടതാണ്.

8.2 തനത് വരുമാനത്തിലെ പ്രകടനം (OSR performance) കണക്കാക്കുന്നതിനായി, 2025-26 സാമ്പത്തിക വർഷം മുതൽ തനത് വരുമാന വിവരങ്ങൾ സമർത്ഥ് പോർട്ടലിൽ കൃത്യസമയത്തും സമഗ്രമായും അപ്‌ലോഡ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.

**9. മുൻ ധനകാര്യ കമ്മീഷനുകളുടെ ചെലവഴിക്കാത്ത ബാക്കി തുക (Unspent balance of previous Finance Commissions)**

9.1 ആർ.എൽ.ബി ഗ്രാന്റിന്റെ ആദ്യ ഗഡു ലഭിക്കുന്നതിന് പതിനാലാം ധനകാര്യ കമ്മീഷന്റെയോ അതിന് മുമ്പുള്ള മറ്റ് കമ്മീഷനുകളുടെയോ ചെലവഴിക്കാത്ത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അവശേഷിക്കരുത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവശേഷിക്കുന്ന തുക ബന്ധപ്പെട്ട കേന്ദ്ര ധനകാര്യ കമ്മീഷന്റെ പ്രാബല്യത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി വിനിയോഗിക്കേണ്ടതാണ്.

9.2 സാമ്പത്തിക വർഷം 2028-29 മുതൽ (അതായത് അവാർഡ് കാലയളവിന്റെ മൂന്നാം വർഷം മുതൽ), അനുവദിക്കാൻ ഉദ്ദേശിക്കുന്ന ഗഡുവിന്റെ 10 ശതമാനത്തിൽ കൂടുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ചെലവഴിക്കാതെ കൈവശമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിക്കുന്നതല്ല. കൂടാതെ, പതിനാറാം ധനകാര്യ കമ്മീഷന്റെ അവാർഡ് കാലയളവിന്റെ നാലാം വർഷം മുതൽ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പൂർണമായും ചിലവഴിച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാത്രമേ ഫണ്ട് ലഭിക്കുകയുള്ളൂ.

**10. വിനിയോഗ റിപ്പോർട്ട് (Utilisation Report)**

10.1 ഒരു വർഷത്തെ രണ്ടാം ഗഡു തുക ലഭിക്കണമെങ്കിൽ മുൻവർഷം അനുവദിച്ച ടൈഡ്, അൺടൈഡ് ഗ്രാന്റുകളുടെ കുറഞ്ഞത് 50 ശതമാനം വീതം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിനിയോഗിച്ചിട്ടുണ്ടാകണം.

**11. പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത ഫണ്ടുകളുടെ സംയോജനം (Convergence of FC-16 recommended funds)**

പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ഏതെങ്കിലും പ്രത്യേക കേന്ദ്ര

പദ്ധതിയുടെ സംസ്ഥാന വിഹിതമായി (State share/contribution) ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും പ്രാദേശിക വിഭവങ്ങൾ കണ്ടെത്തി ഉപയോഗിക്കുന്നതിനുമായി ബ്ലോക്ക്/ ജില്ലാ പഞ്ചായത്ത് തലങ്ങളിലെ കേന്ദ്ര പദ്ധതികളുമായി സംയോജിപ്പിച്ച് പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനും പദ്ധതികളിലേക്ക് വിഭവ കൈമാറ്റം സാധ്യമാക്കുന്നതിനും ടൈഡ് ഗ്രാന്റുകൾ ഉപയോഗിക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും തങ്ങളുടെ അധികാര പരിധിക്കുള്ളിൽ ഇത്തരം സംയോജന സാധ്യതകൾ (Convergence possibilities) പരിശോധിക്കാവുന്നതാണ്.

### 12 . നിരീക്ഷണ സംവിധാനം (Monitoring)

കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വിനിയോഗവുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതാണ്. ജില്ലാ തലത്തിൽ നിരീക്ഷണ സംവിധാനത്തിന്റെ പൂർണ്ണ ചുമതല ജില്ലാ ആസൂത്രണ സമിതികൾക്കായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും
3. എല്ല ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
7. ഡയറക്ടർ - റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ - അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, ഇക്കണോമിക്സ് ആൻഡി സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കലക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
21. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
25. ജലവിഭവ (ഭൂജല) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 18-08-2026
16:48:32

സെക്ഷൻ ഓഫീസർ

1. ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

**അനുബന്ധം -I**

## ജലവിഭവ സംരക്ഷണം / പരിപാലനത്തിനായി ഏറ്റെടുക്കാവുന്ന അനുവദനീയമായ പ്രവർത്തനങ്ങളുടെ പട്ടിക

| ക്രമ നമ്പർ | പ്രവൃത്തികൾ |
|---|---|
| 1 | കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം |
| 2 | നിലവിലുള്ള ജല സ്രോതസ്സ് പ്രവർത്തനരഹിതമാവുകയോ അപര്യാപ്തമാവുകയോ ചെയ്താൽ ജലലഭ്യത ഉറപ്പാക്കാനുള്ള ക്രമീകരണം |
| 3 | ക്ലോറിൻ ഡോസർ സ്ഥാപിക്കൽ (വെഞ്ചുറി സംവിധാനം) |
| 4 | പമ്പുകൾ, മോട്ടോറുകൾ, വാൽവുകൾ, കൺട്രോൾ പാനലുകൾ എന്നിവയുടെ ചെറിയ അറ്റകുറ്റപ്പണികളും നിലവിലുള്ള പൈപ്പ്ലൈൻ വിപുലീകരണവും |
| 5 | പൊതു ജല വിതരണം, വാട്ടർ ചാർജ്ജുകൾ (Bulk water charges) |
| 6 | ഗ്രാമീണ പൈപ്പ്ലൈൻ ജലവിതരണ സംവിധാനത്തിൽ ദുരന്തങ്ങൾക്കോ അടിയന്തര സാഹചര്യങ്ങൾക്കോ ശേഷമുള്ള തകരാറുകൾ പരിഹരിക്കലും നവീകരണവും |
| 7 | ഓവർഹെഡ് ടാങ്ക് (ഉയരത്തിലുള്ള ജലസംഭരണി ) വൃത്തിയാക്കൽ/അറ്റകുറ്റപ്പണി |
| 8 | ജലശുദ്ധീകരണ പ്ലാന്റിന്റെ പ്രവർത്തനവും പരിപാലനവും |
| 9 | ജലപരിശോധനാ കിറ്റ്/റീജന്റുകൾ വാങ്ങൽ (പ്രത്യേകിച്ച് റെസിഡ്യുവൽ ക്ലോറിൻ) |
| 10 | അണുനാശിനികൾ (ബ്ലീച്ചിംഗ് പൗഡർ, സോഡിയം ഹൈപ്പോക്ലോറൈറ്റ്, Chlorine Dioxide ClO2 ഗ്യാസ്) പോലുള്ള ഉപയോഗവസ്തുക്കൾ വാങ്ങൽ |
| 11 | പൊതു കുടിവെള്ള വിതരണ സംവിധാനം (PWS) കൈകാര്യം ചെയ്യുന്ന ഓപ്പറേറ്റർ/നൽ ജൽ മിത്ര എന്നിവർക്കുള്ള ഓണറേറിയം/പ്രൊഫഷണൽ ഫീസ്/സേവന നിരക്കുകൾ; നൽ ജൽ മിത്ര, ജല പരിശോധന നടത്തുന്ന സ്ത്രീകൾ എന്നിവർക്കുള്ള പരിശീലനം; ലാബ് ചാർജ്ജുകൾ; PWS-ന്റെ പ്രവർത്തന-പരിപാലന (O&M) ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന കരാർ ജീവനക്കാരുടെ വേതനം; കണക്കുകൾ സൂക്ഷിക്കുന്നതിനും യൂസർ ചാർജ്ജുകൾ പിരിക്കുന്നതിനുമുള്ള സ്വയം സഹായ സംഘങ്ങൾക്കുള്ള (SHG) ചെലവുകൾ. |
| 12 | വില്ലേജുകളിലെ ജലവിതരണ സംവിധാനങ്ങളുടെ ആവർത്തന വൈദ്യുതി ചാർജ്ജുകൾ അടയ്ക്കൽ. |
| 13 | വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനായി കുടിവെള്ള വിതരണ സംവിധാനത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ. |

| | |
|---|---|
| **14** | സ്കൂളുകൾ, അങ്കണവാടികൾ, ട്രൈബൽ റസിഡൻഷ്യൽ സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലും; ആഴ്ചച്ചന്തകൾ/ബസാറുകൾ, മേള മൈതാനങ്ങൾ, ബസ് സ്റ്റാൻഡുകൾ, കളിസ്ഥലങ്ങൾ/സ്പോർട്സ് കോംപ്ലക്സുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിലും , കുടിക്കുന്നതിനും കൈ കഴുകുന്നതിനും ടോയ്ലറ്റുകളിലും ഉപയോഗിക്കുന്നതിനായി ടാപ്പുകൾ സ്ഥാപിക്കൽ. |
| **15** | ജല ഉപയോക്താക്കൾക്കും കമ്മ്യൂണിറ്റി ഗ്രൂപ്പുകൾക്കും വേണ്ടിയുള്ള ഓറിയന്റേഷൻ (ജല ബജറ്റിംഗ്/ജൽ ചൗപാൽ, എല്ലാ വർഷവും 'ജൽ സേവ ആങ്കലൻ' റിപ്പോർട്ട് അവതരിപ്പിക്കൽ); ടാപ്പുകളിലും ഷവർഹെഡുകളിലും ജലക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനെക്കുറിച്ചും കുടിവെള്ളം മിതമായി ഉപയോഗിക്കുന്നതിനെക്കുറിച്ചുമുള്ള ബോധവൽക്കരണം; 'ലോക് ജൽ ഉത്സവ്' ആഘോഷിക്കൽ/ വിവര-വിദ്യാഭ്യാസ-ആശയവിനിമയ (IEC) പ്രവർത്തനങ്ങൾ. |
| **16** | ജലവിതരണ സംവിധാനവുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി ചെലവുകൾ, അക്കൗണ്ട് & ഓഡിറ്റ് നടപടികൾ, പദ്ധതി ആസൂത്രണം, ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കൽ എന്നിവയ്ക്കുള്ള ഭരണപരമായ ചെലവുകൾ. |

**അനുബന്ധം-II**

## ശുചിത്വ-ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി

## അനുവദനീയമായ പ്രവർത്തികളുടെ പട്ടിക

| ക്രമ നമ്പർ | പ്രവർത്തനത്തിന്റെ വിവരണം |
|---|---|
| 1 | സ്വച്ഛ ഭാരത് മിഷന്റെ കീഴിലുള്ള സ്വച്ഛ്ഗ്രാഹികൾക്കുള്ള ഓണറേറിയം നൽകൽ |
| 2 | ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായുള്ള (മനുഷ്യ വിസർജ്ജ്യ-മാലിന്യ സംസ്കരണം ഉൾപ്പെടെ) ശുചിത്വ സേവനങ്ങൾക്കായി നിയോഗിക്കുന്ന ഔട്ട്സോഴ്സ് / കരാർ ജീവനക്കാർക്കുള്ള ഓണറേറിയം/പ്രതിഫലം നൽകൽ |
| 3` | (i)ശുചീകരണ സുരക്ഷിതത്വവും സേവന ലഭ്യതയും ഉറപ്പാക്കുന്നതിനായി, പ്രകൃതിദുരന്തങ്ങൾ മൂലം കേടുപാടുകൾ സംഭവിച്ച സി എസ് സി -കൾക്കും (പൊതു ശുചിമുറി കോംപ്ലക്സുകൾ) കമ്മ്യൂണിറ്റി തലത്തിലുള്ള ഖര-ദ്രവ മാലിന്യ സംസ്കരണ (SLWM) ആസ്തികൾക്കും (ഉദാഹരണത്തിന് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് യൂണിറ്റ് (PMMU), കമ്മ്യൂണിറ്റി തലത്തിൽ മാലിന്യം തരംതിരിക്കുന്നതിനുള്ള ഷെഡുകൾ, കമ്മ്യൂണിറ്റി സോക്ക് പിറ്റുകൾ, വികേന്ദ്രീകൃത മലിനജല ട്രീറ്റ്മെൻറ് സംവിധാനം (DEWATS) , പ്ലാന്റഡ് ഡ്രൈയിംഗ് ബെഡുകൾ തുടങ്ങിയവ) അടിയന്തരമായ ചെറിയ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായി (ii) പ്രകൃതിദുരന്ത സമയങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ താൽക്കാലിക പൊതു ശുചിമുറികൾ ഒരുക്കൽ (ക്യാമ്പ് ഒന്നിന് പരമാവധി 2 എണ്ണം) |
| 4 | കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സുകളുടെ പ്രവർത്തനവും പരിപാലനവും (O&M) - സോപ്പ്, അണുനാശിനി തുടങ്ങിയ ഉപയോഗവസ്തുക്കൾക്കുള്ള ചെലവുകൾ ഉൾപ്പെടെ (എന്നാൽ വലിയ നവീകരണ-അറ്റകുറ്റപ്പണികൾ ഇതിൽ ഉൾപ്പെടുന്നില്ല) |
| 5 | കമ്മ്യൂണിറ്റി കമ്പോസ്റ്റ് പിറ്റുകളുടെ പ്രവർത്തനവും പരിപാലനവും (O&M) - ഉപയോഗവസ്തുക്കൾക്കുള്ള ചെലവുകൾ ഉൾപ്പെടെ (എന്നാൽ വലിയ നവീകരണ-അറ്റകുറ്റപ്പണികൾ ഇതിൽ ഉൾപ്പെടുന്നില്ല) |
| 6 | കമ്മ്യൂണിറ്റി തലത്തിലുള്ള മാലിന്യ വേർതിരിക്കൽ ഷെഡിന്റെ (segregation shed) പ്രവർത്തനവും പരിപാലനവും (വലിയ അറ്റകുറ്റപ്പണികളും നവീകരണവും ഒഴികെ) |
| 7 | പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് യൂണിറ്റുകളുടെ പ്രവർത്തനവും പരിപാലനവും (വലിയ അറ്റകുറ്റപ്പണികളും നവീകരണവും ഒഴികെ) |
| 8 | ഫോർവേഡ് ലിങ്കേജുകൾ (forward linkages) സ്ഥാപിക്കുന്നത് ഉൾപ്പെടെ, കമ്മ്യൂണിറ്റി/ക്ലസ്റ്റർ തലത്തിലുള്ള ഗോബർധൻ (Gobardhan) യൂണിറ്റുകളുടെ പ്രവർത്തനവും പരിപാലനവും |
| 9 | ഉപഭോഗവസ്തുക്കൾ (consumables) ഉൾപ്പെടെയുള്ള കമ്മ്യൂണിറ്റി ഗ്രേ വാട്ടർ മാനേജ്മെന്റ് സംവിധാനങ്ങളുടെ/സോക്ക് പിറ്റുകളുടെ (soak pits) പ്രവർത്തനവും പരിപാലനവും (O&M) (വലിയ അറ്റകുറ്റപ്പണികളും നവീകരണവും ഒഴികെ) |

| | |
|---|---|
| 10 | മനുഷ്യ വിസർജ്ജ്യ സംസ്കരണ പ്ലാന്റിന്റെ (Faecal Sludge Management plant) പ്രവർത്തനവും പരിപാലനവും (O&M) (വലിയ അറ്റകുറ്റപ്പണികളും നവീകരണവും ഒഴികെ) |
| 11 | മാലിന്യ സംസ്കരണത്തിനായി ഗ്ലൗസുകൾ, മാസ്കുകൾ, പി.പി.ഇ കിറ്റുകൾ തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെയുള്ളവ വാങ്ങൽ |
| 12 | അർഹരായ കുടുംബങ്ങൾക്കായി വ്യക്തിഗത ഗാർഹിക ശൗചാലയങ്ങളുടെ (IHHL) നിർമ്മാണം |
| 13 | അങ്കണവാടികളിലോ സ്കൂളുകളിലോ ശൗചാലയങ്ങൾ/കൈകഴുകൽ സൗകര്യം നിർമ്മിക്കൽ |
| 14 | പൊതുസ്ഥാപനങ്ങളിൽ ശൗചാലയങ്ങൾ നിർമ്മിക്കൽ |
| 15 | സിംഗിൾ പിറ്റ് ശൗചാലയങ്ങളെ ട്വിൻ പിറ്റ് ശൗചാലയങ്ങളായി മാറ്റൽ |
| 16 | സെപ്റ്റിക് ടാങ്ക് ശൗചാലയങ്ങളോടൊപ്പം സോക്ക് പിറ്റുകൾ (soak pits) കൂടി സജ്ജീകരിക്കൽ |
| 17 | ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി പൊതു ശൗചാലയ സമുച്ചയങ്ങൾ (CSC) നവീകരിക്കൽ |
| 18 | സാമൂഹിക തലത്തിൽ കമ്പോസ്റ്റ് കുഴികൾ നിർമ്മിക്കൽ |
| 19 | സാമൂഹിക തലത്തിൽ മാലിന്യം തരംതിരിക്കുന്നതിനുള്ള ഷെഡ് നിർമ്മിക്കൽ |
| 20 | സാമൂഹിക തലത്തിൽ മാലിന്യം തരംതിരിക്കുന്നതിനുള്ള ബിന്നുകൾ വാങ്ങൽ |
| 21 | ഗാർഹിക തലത്തിൽ മാലിന്യം തരംതിരിക്കുന്നതിനുള്ള ബിന്നുകൾ വാങ്ങൽ |
| 22 | ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിക്കൽ, വീടുകളിൽ കമ്പോസ്റ്റ് നിർമ്മാണം, ജൈവമാലിന്യം കന്നുകാലികൾക്ക് നൽകൽ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ |
| 23 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിലെ '4R' തത്വങ്ങളെക്കുറിച്ച് (ഒഴിവാക്കുക, കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം നടത്തുക ) അവബോധം സൃഷ്ടിക്കൽ |
| 24 | മാലിന്യം തരംതിരിക്കുന്നതിനുള്ള ഷെഡുകൾ ഉൾപ്പെടെ, സാമൂഹിക തലത്തിൽ ഖരമാലിന്യ സംസ്കരണത്തിനുള്ള യന്ത്രസാമഗ്രികൾ വാങ്ങൽ |
| 25 | സാമൂഹിക/ക്ലസ്റ്റർ തലങ്ങളിൽ 'ഗോബർധൻ' (Gobardhan) യൂണിറ്റുകൾ നിർമ്മിക്കൽ |
| 26 | ഗോബർധൻ പ്ലാന്റുകൾ ഉൾപ്പെടെയുള്ള ഖര ദ്രവ മാലിന്യ സംസ്കരണ യൂണിറ്റുകളിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് സൗരോർജ്ജ/പുനരുപയോഗ ഊർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കൽ |
| 27 | വീടുകളിൽ നിന്ന് സംസ്കരണ കേന്ദ്രത്തിലേക്ക് മാലിന്യം ശേഖരിക്കുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള ശുചിത്വ സേവനങ്ങൾ ലഭ്യമാക്കൽ |
| 28 | ഓരോ വീടിനും ആവശ്യമായ കമ്പോസ്റ്റ് പിറ്റുകൾ ഒരുക്കൽ |
| 29 | വീടുകൾ തോറും കയറി മാലിന്യം ശേഖരിക്കുന്നതിനു വേണ്ടിയുള്ള (ഗോബർധൻ യൂണിറ്റുകളിലേക്കുള്ള മാലിന്യ ശേഖരണം ഉൾപ്പെടെ) ട്രൈസൈക്കിളുകളും ബാറ്ററിയിൽ പ്രവർത്തിക്കുന്ന മറ്റ് വാഹനങ്ങളും വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ |

| | |
|---|---|
| | നടത്തുന്നതിനും |
| 30 | സാമൂഹിക തലത്തിലുള്ള ഖര മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ (മാലിന്യം തരംതിരിക്കുന്ന ഷെഡുകൾ, പ്ലാസ്റ്റിക് മാലിന്യ സംസ്കരണ യൂണിറ്റുകൾ, ഗോബർധൻ യൂണിറ്റുകൾ) ഉപയോഗിക്കുന്നതിനുള്ള വേയിങ്ങ് മെഷീൻ **(weighing machine)** വാങ്ങുന്നതിന് |
| 31 | സാനിറ്ററി പാഡ് ഇൻസിനറേറ്റർ വാങ്ങൽ |
| 32 | **DEWATS, Phytorids** തുടങ്ങിയ വലിയ തോതിലുള്ള 'ഗ്രേ വാട്ടർ' (ഗാർഹിക മലിനജല) സംസ്കരണ സംവിധാനങ്ങളുടെ കമ്മ്യൂണിറ്റി തലത്തിലുള്ള നിർമ്മാണം |
| 33 | ഗ്രേ വാട്ടർ സംസ്കരണത്തിനായി കമ്മ്യൂണിറ്റി സോക്ക് പിറ്റുകൾ നിർമ്മിക്കൽ |
| 34 | ഗ്രേ വാട്ടർ സംസ്കരണത്തിനായി വീടുകളിൽ സോക്ക് പിറ്റുകൾ/അടുക്കളത്തോട്ടങ്ങൾ ഒരുക്കൽ |
| 35 | ഗ്രേ വാട്ടറിനായുള്ള ഡ്രെയിനേജ് ലൈനുകൾ നിർമ്മിക്കൽ, അറ്റകുറ്റപ്പണി നടത്തൽ, പരിപാലനം |
| 36 | ഗ്രേ വാട്ടർ സംസ്കരണത്തിന്റെ പ്രാഥമിക ഘട്ടമെന്ന നിലയിൽ സിൽറ്റ്, എണ്ണ, ഗ്രീസ് എന്നിവ നീക്കം ചെയ്യുന്നതിനുള്ള ചേംബറുകൾ നിർമ്മിക്കൽ |
| 37 | ഗ്രേ വാട്ടർ മാനേജ്മെന്റിനായി **3R** (കുറയ്ക്കുക, പുനരുപയോഗിക്കുക, പുനഃചംക്രമണം നടത്തുക ) തത്വങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ |
| 38 | മനുഷ്യ വിസർജ്യ **(feacal sludge)** സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കൽ |
| 39 | മനുഷ്യ മാലിന്യം യന്ത്രസഹായത്തോടെ വൃത്തിയാക്കൽ/നീക്കം ചെയ്യൽ/ശേഖരിക്കൽ തുടങ്ങിയ ശുചിത്വ സേവനങ്ങൾ ലഭ്യമാക്കൽ |
| 40 | ശുചിത്വ സേവന വിതരണം ഉൾപ്പെടെ **SBM(G)**-നെക്കുറിച്ച് തദ്ദേശ സ്വയംഭരണ ജന പ്രതിനിധികൾ/വില്ലേജ് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റി **(VWSC)** കൾ/സ്വച്ഛഗ്രാഹികൾ എന്നിവർക്ക് പരിശീലനം നൽകൽ |
| 41 | ശുചിത്വ തൊഴിലാളികൾക്കുള്ള സാമൂഹിക സുരക്ഷാ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ |
| 42 | ഗ്രാമീണ ശുചിത്വ യജ്ഞങ്ങൾക്കും ശുചിത്വവുമായി ബന്ധപ്പെട്ട പ്രത്യേക പ്രചാരണ പരിപാടികൾക്കും പിന്തുണ നൽകൽ |
| 43 | ശുചിത്വം, ഖര-ദ്രവ മാലിന്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട ഭരണപരമായ ചെലവുകൾ, ഡാറ്റാ എൻട്രി ചെലവ്, അക്കൗണ്ടിംഗ്, കമ്മ്യൂണിറ്റി ശുചിത്വ-ഖര-ദ്രവ മാലിന്യ സംസ്കരണ പദ്ധതികൾക്കായുള്ള പ്രോജക്ട് റിപ്പോർട്ടുകൾ/സാങ്കേതിക പദ്ധതികൾ തയ്യാറാക്കൽ, **GPDP** തയ്യാറാക്കുന്നതിനുള്ള ചെലവ് എന്നിവ. |